LIBRARY ARCHIVES Kerala Legislative Assembly

വി.ആർ.എം. ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

209 [2702] ഡോ.തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ആർ. എം. ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) 2001-2002 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും വി.ആർ.എം.-ന് ബഡ്ജറ്റിൽ എന്ത് തുക വീതം വകയിരുത്തി എന്നും എന്ത് തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും പ്രസ്തുത ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വി.ആർ.എം. ഫണ്ട് അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റ് വിഹിതത്തിന്റെ 75% ഓരോ ജില്ലയിലേയും ഗ്രാമ പഞ്ചായത്തുകളുടെ എണ്ണത്തിന് ആനുപാതികമായും അവശേഷിക്കുന്ന 25%, ജില്ലകളിൽ ഈ ഇനത്തിൽ വരുത്തുന്ന ചെലവിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ വീതിച്ച് നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. ഈ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനദണ്ഡങ്ങളിൽ പ്രത്യേകമായ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) 2001-2002 വർഷം 243 ലക്ഷം രൂപയും 2002-2003 വർഷം 275 ലക്ഷം രൂപയും 2003-2004 വർഷം 289 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. മുഴുവൻ തുകയും ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

സടക് യോജന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പണി

210 [2703] ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ:
" കെ. രാധാകൃഷ്ണൻ:
" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.